## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നഗര-ഗ്രാമാസൂത്രണത്തിന്റെ മാസ്റ്റർ പ്ലാനുകൾ

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *408. 20.03.18- ൽ മറുപടി പറയേണ്ടത്

| | ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ<br>,, എസ്.ശർമ്മ<br>,, എ. പ്രദീപ്കുമാർ<br>,, സി.കെ. ഹരീന്ദ്രൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നഗര-ഗ്രാമാസൂത്രണത്തിന്റെ വിശദമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ഏതെല്ലാം മാസ്റ്റർ പ്ലാനുകൾ അംഗീകരിച്ചിട്ടുണ്ട്; പ്രസിദ്ധീകരിച്ചിരിക്കുന്നത് ഏതെല്ലാം; വിശദമാക്കാമോ; | (എ) | "മാസ്റ്റർപ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ" എന്ന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ എല്ലാ നഗരസഭാ പ്രദേശങ്ങൾക്കുമായി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുകയാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ മാസ്റ്റർപ്ലാനുകളിൽ ആറ് എണ്ണം (എട്ട് പട്ടണങ്ങൾക്കുള്ളത്) അംഗീകരിച്ചിട്ടുണ്ട്. 19 മാസ്റ്റർപ്ലാനുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2 മാസ്റ്റർപ്ലാനുകൾക്ക് പ്രസിദ്ധീകരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശ-ങ്ങൾ ഉൾക്കൊള്ളിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സ്ഥലപരമായ ആസൂത്രണത്തോടൊപ്പം വികസന പ്രവർത്തനങ്ങളുടെ ആസൂത്രണവും നടത്തിക്കൊണ്ടാണോ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്; എങ്കിൽ ഈ വികസന ആസൂത്രണ പ്രക്രിയയിൽ ജനഹിതം സംരക്ഷിക്കാനായി എന്തു മാർഗ്ഗമാണ് അവലംബിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | അതെ. കേരള നഗര-ഗ്രാമാസൂത്രണ ആക്ട് 2016 ന്റെ വ്യവസ്ഥകളനുസരിച്ചാണ് മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നത്. വികസന ആസൂത്രണത്തി നായുള്ള ജനഹിതം മനസ്സിലാക്കുന്നതിനായി സാമൂഹിക സാമ്പത്തിക സർവ്വെ, വികസന സെമിനാറുകൾ, വാർഡ്തല യോഗങ്ങൾ, കൗൺസിൽ യോഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുമായുള്ള ചർച്ചകൾ എന്നിവ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തുന്നു. കരട് മാസ്റ്റർപ്ലാൻ തയ്യാറാക്കി കൗൺസിലിന്റെയും സർക്കാരിന്റെയും അംഗീകാ-രത്തോടെ പ്രസിദ്ധീകരിക്കുന്നു. കരട് പ്ലാനിൽ തത്പരരായ ഏതൊരാളിൽ നിന്നും ഇത് സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും അനുവദനീയമായ കാലയളവിനുള്ളിൽ സ്വീകരി- |

| | | | |
|---|---|---|---|
| | | | ക്കുന്നതും കേൾക്കപ്പെടാൻ അപേക്ഷിച്ചവരെ കേട്ടതിനു ശേഷവും, ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ച ശേഷമാണ് മാസ്റ്റർപ്ലാൻ അന്തിമമാക്കുന്നതും സർക്കാർ അംഗീകരിക്കുന്നതും. |
| (സി) | അമൃത് പദ്ധതിയിൽ ഉൾപ്പെട്ട പട്ടണങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് എങ്ങനെയാണ്; വിശദമാക്കാമോ? | (സി) | "അമൃത് പട്ടണങ്ങളുടെ ജി.ഐ.എസ്സ് അധിഷ്ഠിത മാസ്റ്റർപ്ലാനുകളുടെ തയ്യാറാക്കൽ" എന്ന കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അമൃത് പട്ടണങ്ങളുടെ (ആറ് കോർപ്പറേഷനും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ നഗരസഭകളും) മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നത്. പ്രസ്തുത പദ്ധതി സംബന്ധിച്ച് കേന്ദ്രസർക്കാർ മാർഗ്ഗരേഖ, Design & Standards എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. നഗരഗ്രാമാസൂത്രണ വകുപ്പാണ് ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി. മാസ്റ്റർപ്ലാനുകളുടെ ഭാഗമായ നിലവിലെ ഭൂവിനിയോഗ മാപ്പ് (Existing Land Use Map) തയ്യാറാക്കുന്നത് High Resolution Satellite Imagery യുടെ അടിസ്ഥാനത്തിലാണ്. ഹൈദരാബാദിലുള്ള നാഷണൽ റിമോട്ട് സെൻസിംഗ് സെന്ററാണ് ഇത് തയ്യാറാക്കുന്നത്. Satellite Imagery -യുടെ അടിസ്ഥാനത്തിൽ, National Remote Sensing Centre (NRSC), Hyderabad ഓരോ പട്ടണങ്ങളുടെയും Urban land use land cover, building foot print എന്നിവ രേഖപ്പെടുത്തിയ മാപ്പുകൾ സംസ്ഥാന നോഡൽ ഏജൻസിക്ക നൽകും. ബന്ധപ്പെട്ട ജില്ലാ നഗരാസൂത്രണ കാര്യാലയം വഴി ഈ മാപ്പുകളുടെ ground truthing നടത്തി National Remote Sensing Centre (NRSC). Hyderabad-ന് തിരികെ നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ Existing Land Use Map National Remote Sensing Centre (NRSC) തയ്യാറാക്കി സമർപ്പിക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പട്ടിക

**"മാസ്റ്റർപ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കി അംഗീകരിച്ചതും പ്രസിദ്ധീകരിച്ചതുമായ മാസ്റ്റർപ്ലാനുകൾ**

| ക്രമ നം. | മാസ്റ്റർപ്ലാനുകളുടെ സ്ഥിതി | | പട്ടണങ്ങളുടെ പേര് |
|---|---|---|---|
| I | അംഗീകരിച്ചത് | 1 | പരവൂർ |
| | | 2 | ചങ്ങനാശ്ശേരി |
| | | 3 | വൈക്കം |
| | | 4 | തലശ്ശേരി |
| | | 5 | മലപ്പുറം |
| | | 6 | കോഴിക്കോട് അർബൻ ഏരിയ (കോഴിക്കോട്, ഫറൂഖ്, രാമനാട്ടുകര + പഞ്ചായത്തുകളായ ഒളവണ്ണ, കടലുണ്ടി) |
| II | പ്രസിദ്ധീകരിച്ചത് | 1 | പാല |
| | | 2 | കൊല്ലം (+ പഞ്ചായത്തുകളായ നീണ്ടകര, കൊറ്റംകര) |
| | | 3 | നോർത്ത് പറവൂർ |
| | | 4 | കാസർഗോഡ് |
| | | 5 | തിരുവനന്തപുരം |
| | | 6 | ഗുരുവായൂർ |
| | | 7 | കണ്ണൂർ |
| | | 8 | ആലപ്പുഴ |
| | | 9 | പെരുമ്പാവൂർ |
| | | 10 | പാലക്കാട് |
| | | 11 | കായംകുളം |
| | | 12 | ആലുവ |
| | | 13 | കോട്ടയം (+ പഞ്ചായത്തുകളായ കുമാരനെല്ലൂർ, വിജയപുരം, പനച്ചിക്കാട്) |

| | | | |
|---|---|---|---|
| | | 14 | വടകര |
| | | 15 | തൃശ്ശൂർ |
| | | 16 | കരുനാഗപ്പള്ളി |
| | | 17 | പെരിന്തൽമണ്ണ |
| | | 18 | മട്ടന്നൂർ |
| | | 19 | പുനലൂർ |
| III | പ്രസിദ്ധീകരണാനുമതി നൽകിയത് | 1 | തിരുവല്ല |
| | | 2 | കൊടുങ്ങല്ലൂർ |